നം.എ3-41/2022/താ.ആ.ഫോ. താലൂക്ക് ആശുപത്രി ഫോർട്ട്

തിരുവനന്തപുരം, തീയതി.~~10.03.2022~~.

## പുനർ ലേല പരസ്യം

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ 31.12.2021-ൽ നൽകിയ കത്ത് അനുസരിച്ച് ഈ ആശുപത്രിയിലെ പഴയ കെട്ടിടങ്ങൾ ഉടൻ തന്നെലേലം ചെയ്ത് പൊളിച്ചുമാറ്റേണ്ടതുണ്ട്. അതിനുശേഷം സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറേണ്ടതാണ്. ആയതിനാൽ ഈ ആശുപത്രിയിലെ പയഴ ജനറൽ വാർഡ് കെട്ടിടം, പി.പി.യൂണിറ്റ്, ഡെന്റൽ യൂണിറ്റ് എന്നിവ ചേർന്ന കെട്ടിടത്തിന്റെ ഓപ്പൺ ലേലം 23.03.2022 -ന് 11.എ.എം.-ന് ആയിരിക്കും. ലേലത്തിൽ പങ്കെടുക്കുന്നവർ 10,000/- രൂപ നിരതദ്രവ്യം ലേലത്തിനു തൊട്ടുമുമ്പായി കെട്ടിവയ്ക്കേണ്ടതാണ്. ലേലം കൊള്ളുന്നയാൾ ലേല തുകയും, ലേല തുകയുടെ 18% ജി.എസ്.റ്റി.യും ഉൾപ്പെടെയുള്ള തുക ലേലം ഉറപ്പിച്ച ഉടൻതന്നെ അടയ്ക്കേണ്ടതാണ്. പൊതുമരാമത്ത് സമർപ്പിച്ചിട്ടുള്ള വില 301782/- ആണ്. ടി കെട്ടിടത്തിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ്, ആശുപത്രി ഫർണ്ണിച്ചർ ഉപകരണങ്ങൾ എന്നീ സാധനങ്ങൾ ഒഴിവാക്കിയാണ്. ലേലംകൊള്ളുന്നയാൾ പഴയകെട്ടിടത്തിന്റെ സാധനങ്ങൾ 5 ദിവസത്തിനുള്ളിൽ സ്വന്തം ചെലവിൽ ആ സ്ഥലത്ത് നിന്ന് പൊളിച്ചു മാറ്റുകയും, സാധനങ്ങൾ പൊളിച്ചു മാറ്റാത്തപക്ഷം പ്രസ്തുത ലേലം അസ്ഥിരപ്പെടുത്തുകയും ലേല തുക സർക്കാരിലേയ്ക്ക് കണ്ടുകെട്ടി പുനർ ലേലം ചെയ്യുന്നതുമാണ്. ലേല ദിവസം എന്തെങ്കിലും കാരണത്താൽ പൊതു അവധി ആയാൽ അടുത്ത ദിവസം അതേ സമയം ലേലം നടത്തുന്നതുമാണ്. പൊരുമരാമത്ത് വകുപ്പിലെ ലേലത്തെ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. ലേലത്തെക്കുറിച്ചുള്ള വിശദമായ അറിവിലേയ്ക്ക് ടി ആഫീസുമായി ബന്ധപ്പെടാവുന്നതാണ്.

TALUK HOSPITAL, FORT, THIRUVANANTHAPURAM

സൂപ്രണ്ട്

Superintendent
Taluk Hospital, Fort
Thiruvananthapuram

നോട്ടീസ് ബോർഡ്

**പകർപ്പ്:-**

1. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) തിരുവനന്തപുരം.
3. കോർപ്പറേഷൻ സോണൽ ആഫീസ്, തിരുവനന്തപുരം
4. ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്,
   പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്,
5. ഫയൽ/കരുതൽ ഫയൽ
6. PWD - Special building.